Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2026/VC/2355 (10) തീയതി : 17.02.2026

## സർക്കുലർ

വിഷയം:- കൈറ്റ് – 'Key to Entrance' പൊതുപ്രവേശന പരീക്ഷാ പോർട്ടലിലെ സൗകര്യങ്ങൾ പരിചയപ്പെടുത്തുന്നതിന് താൽപര്യമുള്ള അധ്യാപകർക്ക് പരിശീലനം ക്രമീകരിക്കുന്നത് സംബന്ധിച്ച്

സൂചന:- ഈ ഓഫീസിലെ 11.02.2026 ലെ കൈറ്റ്/2026/VC/2355 (3) നമ്പർ സർക്കുലർ.

പൊതുവിദ്യാലയങ്ങളിൽ ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി തലത്തിൽ പഠിക്കുന്ന കുട്ടികൾക്ക് 'Key to Entrance' പരിശീലന പരിപാടി AI സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് നടത്തുന്നതിന് സൂചന പ്രകാരം നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ വർഷം മുതൽ കുട്ടികളുടെ പഠന വേഗത്തിനും പ്രകടനത്തിനുമനുസരിച്ച് പ്രത്യേക സ്റ്റഡി പ്ലാനുകൾ സോഫ്റ്റ്‌വെയർ തന്നെ ജനറേറ്റ് ചെയ്ത് ലഭ്യമാക്കുന്ന AI സംവിധാനവും പോർട്ടലിൽ ഒരുക്കിയതിനാൽ സ്കൂൾ തലത്തിൽ കുട്ടികളെ സഹായിക്കുന്ന അധ്യാപകർക്ക് പോർട്ടലിലെ സംവിധാനങ്ങൾ കൃത്യായി ഉപയോഗിക്കുന്നതിനും അത് കുട്ടികളുടെ പരിശീലനത്തിന് പ്രയോജനപ്പെടുത്തുന്നതിനും അധ്യാപകർക്ക് പ്രത്യേക പരിശീലനം ആവശ്യപ്പെടുന്നുണ്ട്. ആയതിനാൽ 'Key to Entrance' അധ്യാപക പരിശീലനം ക്രമീകരിക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കൈറ്റിന്റെ ജില്ലാ കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ 'Key to Entrance' പരിപാടിയുടെ ചുമതലയുള്ള മാസ്റ്റർ ട്രെയിനർ ജില്ലയിൽ പരിശീലനം ആവശ്യമുള്ള അധ്യാപകർക്ക് ഫെബ്രുവരി മാസം ഓൺലൈൻ പരിശീലനം ക്രമീകരിക്കാവുന്നതാണ്.

2. ഓൺലൈൻ പരിശീലനത്തിനു ശേഷം നേരിട്ടുള്ള പരിശീലനം ആവശ്യപ്പെടുന്ന അധ്യാപകരുണ്ടെങ്കിൽ അവരുടെ പേരു വിവരം ശേഖരിക്കേണ്ടതും സ്കൂളിലെ മറ്റ് പ്രവർത്തനങ്ങളെ ബാധിക്കാത്തവിധത്തിൽ സ്കൂൾ പ്രഥമാധ്യാപകരുടെ അനുവാദത്തോടെ പരിശീലനം ജില്ലാതലത്തിൽ ക്രമീകരിക്കാവുന്നതാണ്.

3. 'Key to Entrance' പദ്ധതി ആവശ്യമുള്ള എല്ലാ കുട്ടികളിലും എത്തിക്കുന്നതിന് കൈറ്റിന്റെ ജില്ലാ ടീം പ്രത്യേക പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും

പകർപ്പ്:-

എല്ലാ ആർ.ഡി.ഡി (എച്ച്.എസ്.ഇ), എ.ഡി (വി.എച്ച്.എസ്.ഇ) മാർക്കും